



LITTLE KITES -IT CLUB

,,,,,,

# എഡിറ്റോറിയൽ

അറിവിന്റെ ആകാശത്തിലേക്ക് ഉദിച്ചുയരുന്ന സൂര്യതേജസാകട്ടെ ഓരോ കൂട്ടുകാരും .ചിന്തകളും വാക്കുകളും വരകളും വർണ്ണങ്ങളും തീർത്ത വിസ്‌മയ ലോകം സാങ്കേതിക വിദ്യയിലൂടെ പൂർണമാകുന്നു. കുഞ്ഞുമനസ്സുകളുടെ പ്രകാശനിറവാണ് **'ഉദയം'** ഡിജിറ്റൽ മാസിക. നമ്മുടെ സർഗവാസനകളെ പ്രകാശിപ്പിക്കാനുള്ള വേദിയായ് മാറിയ ഈ കൊച്ചു മാസിക നിങ്ങൾ ഹൃദയത്തോടു ചേർത്തുവെയ്‌ക്കുമെന്ന് ഉറപ്പുണ്ട്. **'ഉദയം'** എന്ന സ്വപ്‌നം സഫലമാക്കാൻ ഒപ്പം നിന്ന അധ്യാപകരേയും കൂട്ടുകാരെയും നന്ദിയോടെ സ്‌മരിക്കുന്നു.ലിറ്റിൽ കൈറ്റ്‌സിന്റെ **'ഉദയം'** നിങ്ങൾക്കു മുമ്പിൽ  സ്നേഹപൂർവ്വം സമർപ്പിക്കുന്നു

ചീഫ് എഡിറ്റർ
ഡാനിയേൽ എ

**എഡിറ്റോറിയൽ ബോർഡ്**
ഡാനിയേൽ എ
ഗായത്രി എം
ഐവിൻ വിനു
നിഖിൽ അനിൽകുമാർ
മേഘവ് മനോജ്
യദുകൃഷ്ണൻ പി എം
മുഹമ്മദ് അജാസ്
റോഷൻ എൻ



ഹെഡ്മിസ്ട്രസ്
രജനി കെ വി

കാലത്തിനൊപ്പം നടക്കുന്ന നമ്മുടെ വിദ്യാലയവും ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം സഫലമാക്കുകയാണ്. ഒരാണ്ടിന്റെ രേഖപ്പെടുത്തലാണ് സ്കൂൾ മാസിക. അക്കാദമിക കലാകായിക മേഖലകളിൽ നമ്മളുടെ കുട്ടികളും വിജയപഥങ്ങളിലൂടെ മുന്നേറുകയാണ്. സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിൽ നമ്മളും പങ്കാളികളാവുന്നു. അതിലൊരു നാഴികക്കല്ലാകട്ടെ ഈ മാസികയും. ഈ വിദ്യാലയത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന "**ഉദയം**" മാസികക്ക് എല്ലാ വിജയാശംസകളും നേരുന്നു.



പ്രിൻസിപ്പാൾ
അഭിലാഷ് എം ആർ

നിസ്സീമമായ ആശയങ്ങളുടെ ആകാശമാണ് കുഞ്ഞുങ്ങളുടെ മനസ്സ് .അതിൽ വർണ്ണ പ്പൂക്കളും ശലഭങ്ങളും മാരിവില്ലും നിറയുന്ന ഭാവനകളെ ഒരു ഡിജിറ്റൽ സ്ക്രീനിന്റെ ചതുര മാനത്തിലേക്ക് പകർത്താനുള്ള ഈ ഉദ്യമത്തിന് എന്റെ ഹൃദയപൂർവമായ ആശംസകൾ.



## പി ടി എ പ്രസിഡന്റ്
## അശോകൻ മുക്കോട്ടിൽ

### പ്രിയപ്പെട്ട കൂട്ടുകാരെ

ഈ ഡിജിറ്റൽ യുഗത്തിൽ , ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തോടൊപ്പംചുവടുകൾ വെയ്ക്കുന്ന എന്റെ പ്രിയപ്പെട്ട വിദ്യർത്ഥികൾക്കും അവരോടൊപ്പം അതിനായി പ്രയത്നിച്ച അധ്യാപകർക്കും ആദ്യമേ തന്നെ എല്ലാവിധ ആശംസകളും അറിയിക്കട്ടെ. നിങ്ങളിലെ കഴിവുകളെ പുറം ലോകത്ത് എത്തിക്കുവാനുംഅതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൻ ഈ സംരംഭം ഒരു വഴികാട്ടി ആകട്ടെഎ**ന്ന്** പ്രാർത്ഥിക്കുന്നതോടൊപ്പം നിങ്ങളും നമ്മുടെ പ്രിയപ്പെട്ട വിദ്യാലയവുംകൂട്ടുതൽ ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് സർവ്വശക്തനോട് പ്രാർത്ഥിച്ചു കൊണ്ട് ഒരിക്കൽക്കൂടി എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.



## വാർഡ് മെമ്പർ
## സെറിന കെ എസ്

തൃക്കാക്കര ഗവൺമെന്റ് ഹയർസെക്കൻഡറി സ്ക്കൂളിൽ ഡിജിറ്റൽ മാഗസിൻ തുടങ്ങുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാഭ്യാസ രംഗത്തുള്ള നൂതന ആശയങ്ങളും വിദ്യാർത്ഥികളുടെ സാഹിത്യ അഭിരുചികളും കോർത്തിണക്കി തുടങ്ങുന്ന മാഗസിൻ നമ്മുടെ വിദ്യാലയത്തിന് തിളക്കം കൂട്ടുമെന്ന കാര്യത്തിൽ സംശയമില്ല.മാഗസിന്റെ അണിയറ ശിൽപ്പികൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ....




## ചരിത്ര താളുകളിലൂടെ

തൃക്കാക്കരയിൽ നിന്നും 4 കി.മി മാറി തേവയ്ക്കൽ എന്ന ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്നു.തൃക്കാക്കര മുൻസിപ്പാലിറ്റിയുടെ കീഴിലായിരുന്ന വിദ്യാലയം ഇപ്പോൾ എടത്തല ഗ്രാമപഞ്ചായത്തിന്റെ പരിധിയിലാണ്.തൃക്കാക്കര -പുക്കാട്ടുപടി പ്രധാന പാതയിൽ എടത്തല പഞ്ചായത്തിന് അതിരിട്ട് പഴമയോടെയും പ്രൗഢിയോടെയും നിലകൊള്ളുന്ന വിദ്യാലയ സമുച്ചയം പൊന്നക്കുടം ഭഗവതി ക്ഷേത്ര സാമിപ്യം കൊണ്ട് ധന്യമാണ് .പ്രകൃതിയുടെ തനിമ നിലനിർത്തുന്ന കാവും ദേവിക്ഷേത്രവും ഈ ഗ്രാമത്തിന്റെ സവിശേഷതയാണ്.200ൽ പരം വർഷം പഴക്കവും 4 ഏക്കറോളം വിസ്തൃതിയും ഉള്ള ഈ കന്യാവനംപുണ്യഭൂമിയായിസംരക്ഷിക്കപ്പെടുന്നു. ജൈവവൈവിദ്യത്തിന്റെ മാതൃകയായ ഈ കാവ് നക്ഷത്രവനം,നവഗ്രഹോദ്യാനം,ഔഷധസസ്യോദ്യാനം ,രാശി വൃക്ഷോദ്യാനം,എന്നിവയാൽ ശ്രദ്ധേയമാണ്.ദുർഗ്ഗദേവി,ഭദ്രക്കാളി,ശാസ്താവ്,സർപ്പദൈവങ്ങൾ എന്നീ പ്രതിഷ്ഠകളാൽ പവിത്രമായ പുണ്യഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.നാനമതസ്ഥർ സൗഹാർദ്ദത്തോടെ കഴിയുന്ന ഈഗ്രാമത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഇത്.

1946 ൽ ചില നാട്ടുപ്രമുഖർ ചേർന്നു രൂപീകരിച്ച ട്രസ്റ്റിന്റെ നേതൃത്വത്തിൽ അപ്പർപ്രൈമറി മാനേജുമെന്റ് വിദ്യാലയമായി ആരംഭിച്ചു. 1956 ൽ രജിസ്റ്റർ ചെയ്ത ട്രസ്റ്റിലെ അംഗങ്ങൾ സർവ്വശ്രീ മുൻ എം എൽ എ ബാലൻ മേനോൻ കാഞ്ഞിരപ്പാടത്ത് മാത്തുക്കുട്ടി ,പൊന്നക്കുടത്ത് ശങ്കരൻ നായർ,വി കെ വാസു ദേവൻ നായർ ,പി .എ.മൈദീൻ എന്നിവരായിരുന്നു.സ്ഥലം നൽകിയ പൊന്നക്കുടത്ത് ശങ്കരൻനായർ മാനേജരായിരുന്നു. 1981 ൽ സ്ഥാപനം നിരുപാധികം സർക്കാരിന് വിട്ടുകൊടുത്തു.

1982ൽ ഹൈസ്ക്കൂൾ ആരംഭിച്ചു . 1993ൽ യുപിയും എച്ച് എസ്സും സർക്കാർ സ്ഥാപനങ്ങളുമായി കൂട്ടിച്ചേർക്കപ്പെട്ടു.18-12-2000ത്തിൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്ക്കൂളായി ഉയർത്തപ്പെട്ടു . 2004 ൽ വി എച്ച് എസ് എസ് ഇ വിഭാഗത്തിൽ സംസ്ഥാന തല രണ്ടാം റാങ്ക് (സി എ വിഭാഗത്തിൽ) ലഭിച്ചു.2009 വർഷത്തിൽ വി എച്ച് എസ് എസ് ഇ 100% വും എസ്എസ്എൽസി 94%വും വിജയം കൈവരിച്ചതിന് ബഹു.വിദ്യാഭ്യാസ മന്ത്രി മോഡൽ സ്കൂൾ പദ്ധതിയിലേയ്ക്കുയർത്തി പ്രത്യേക പ്രശംസാപത്രം നൽകുകയുണ്ടായി. 2012 വിഎച്ച്എസ്എസ് 100% വിജയം നേടി. കഴിഞ്ഞമൂന്നുവർഷങ്ങളായി എസ്എസ്എൽസിയ്ക്ക് 100%വിജയം നേടി മോഡൽ സ്കുൾ പദ്ധതി പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടേയിരിക്കുന്നു.പരേതനായ ശ്രീ ബാബു ഐ.എ.എസ് ഉൾപ്പെടെ കഴിവുറ്റ നിരവധി പേർ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്........



പ്രവേശന ഉത്സവം
2018
അസ്‌ലഫ പാറേക്കാടൻ
അക്ഷരദീപം തെളിയിക്കുന്നു
G.V.H.S.S
THRIKKAKARA
അസ്‌ലഫ് പാറേക്കാടൻ
(ജില്ലാ പഞ്ചായത്ത് മെമ്പർ)
കുട്ടികൾ
അക്ഷരദീപം തെളിക്കുന്നു
രജനി കെ വി

# SHINIG STAR



V



VI



VII



VIII A



VIII B



IX A



IX B



X A



X B



**DBDO**
**1 YEAR**



**SA**
**1 YEAR**




**CSIT**
**II YEAR**



**MFS**
**II YEAR**

# നദിയിന്നും

പാടത്തിൻ കര നീളെ നീല നിറമായി കാടിനിടയിലെ
സൗന്ദര്യമായി
ഒഴികീടുന്നു നാടിന്റെ രക്ഷക്കായ്കാലങ്ങളോളം അങ്ങനെ..
പുഴയുടെ കുളിരും
മനസ്സുമായി ചേർന്നലിയിക്കുന്നു പുലരി പ്രകൃതിയെ
ഇണക്കിയതുപോൽ ചേർക്കാൻകാത്ത്
നിൽക്കുന്നീ നദി... മണ്ണിൻ മണമായി മണ്ണിനിണയായി
മായാതെ നിൽക്കുന്നീ മായാനദി...... കവിതയായി ഒഴുകുന്നീ
കാലത്തിന് ഒരു കാലൊച്ചയായി പാട്ടുപോലുണർന്ന്
കാലത്തിനൊപ്പമായി ഒഴുകുന്നീ നദി. കാട്ടാനകളും കാട്ടുമൃഗങ്ങളും
ഒരുമിച്ചൊരിടം ഇവിടം
ദാഹത്തിനൊരു കണ്ണീർ ജലം മാത്രമാകാൻ കഴിയാത്തൊരിടം
നദി മിഴിയിലെ
മൊഴിയും കലന്നൊഴുകിയ പുഴയിൽ തോണിയോടുകൂടി ഒഴുകുന്ന
കാട്ടുമരങ്ങളും
കാട്ടരുവികളും ചേർന്ന് പ്രകൃതിതൻ മനോഹരത്തെ പുഴയിലൂടെ
ഒഴുകുന്നു.
പ്രകൃതിയുടെ ദിക്കിലോ മൂലകളിലൂടെ ഒഴുകുന്ന പുഴ തന്റെ
മനോഹാരിതയെ
ദൈവം നമുക്ക് തന്ന സ്വത്തിലേർപ്പെടുന്നു പുഴയുടെ തീരവും
മനോഹരമാക്കുന്ന
ചില്ലുകളനക്കുന്ന കാറ്റാൽ പുഴ കുളിർ ഏറ്റുവാങ്ങുന്നു മനസ്സിലായി
തുളുമ്പുന്ന
സ്നേഹത്തിന്റെ കാറ്റായി കാവലായ് എത്തുന്ന നദി
ഒരോർമയിൽ നീങ്ങിടുന്നു അതൊഴുകാനായി ഇടം
തേടിമായാനദിക്കായുള്ള
കാത്തിരിപ്പ് കാലങ്ങളോളം ഇനിയിവിടം മായാതെ നിൽക്കുന്ന
ഈ നദിമായാനദി.
എന്നും തെളിയിക്കുന്നു ഈ ഒഴുക്കിനെ വേദനയാക്കിലെന്ന്.



മജിന
X B


ROHITH SURAJ
(SCHOOL LEADER)
AHAMAD SHAFAS MA
(SCHOOL CHAIRMAN)
CLASS LEADERS
AHAMAD SHAFAS M A
CLASS: I DBDO
JOSHMON SHAJI
CLASS: II CSIT
JUDESON BABU
CLASS: II MFS
NAVANEETH KRISHNA
CLASS: I SA
ROHITH SURAJ
CLASS: X B
FAZILA P B
CLASS:X A
YADHU KRISHNAN
CLASS: IX B
RASEELA P S
CLASS: IX A
DEVU V R
CLASS: VIII B
MANU K M
CLASS:VIII A
SREE BHADRA
CLASS: VI A
GOURI LAKSHMI
CLASS: V B
BHARATH KRISHNA
CLASS:VII B
ARYA NANDHA
class:V A
REHANA S
Class:VII A

# इमसानियत

ऐक्क जगह दो बच्चे रहते है.इनका नाम चिन्नु और पोन्नु.ऐक दिन ऐक दादि पोन्नु को बुलाया .तुम्हारा दोस्त चिन्नु के घर में पानि भरा हे उसने कहा .तब पोन्नु पूछा

क्या ?इसके घर में पानि हे?दादि कहा यह सत्य हे .पोन्नु चिन्नु के घर में आये ओ वह दादि सत्य कहा चिन्नु .चिन्नु आयेगि .पोन्नु बोला, तुम्हारा घर में पानि भरा हे न? मेरि किताब पानि में डूब गया. हमारे टिवि फरनीचर आदि जल में नाश हुआ तब पोन्नु बोला ,तुम सब मेरे घर में आये .चिन्नु पूछा ,तुम्हारा माता पिता अनुमति दी हे ना   हां् ,पोन्नु बोला.पोन्नु का इस परिस्त्रम में उसका माता  पिता

बहुत खुश हुआ पानि उतरने तक चिन्नु  का माता पिता घर में रहते इससे सूचित उसका इंसानियत बहुत बडी हे.

स्रि बद्रा अशोक **VIB**





എറണാകുളം റവന്യൂ ജില്ല

# ഹരിതോത്സവം









നിബിഡവനം ഉദ്ഘാടനം

ആശ സനിൽ

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

# അഭിമാന താരങ്ങൾ

ചരിത്ര ക്വിസ്സിൽ
ജില്ലാതലത്തിൽ
ഒന്നാം സ്ഥാനവും
സോണൽ
തലത്തിൽ മൂന്നാം
സ്ഥാനവും
സംസ്ഥാന
തലതതിൽ ഉന്നത
വിജയവും
കൈവരിച്ച
നവിനും
അനുഗ്രഹിനും
അഭിനന്ദനങ്ങൾ.....





# മെഴുകുതിരി പോലെ ഒരോർമ്മ....

"വേഗം വാ തീവണ്ടി ഇപ്പോൾ പോകും" അവർ ആ തിരക്കുള്ള സ്ഥലത്ത് വേഗത്തിൽ നടക്കുകയാണ്. പതാക കാണിച്ചു , വണ്ടി നീങ്ങുകയായി അവർ ഒരു സീറ്റിൽ ഇരുന്നു. അയാൾ അറിയാതെ ഉറക്കത്തിലേക്ക് വഴുതി വീണു.

ഉമ്മറത്തെ തിണ്ണയിലിരുന്ന് കുട്ടികൾ ഊണ് കഴിക്കുന്നു. അവർ വാശിയോടെ കഴിക്കുകയാണ്.
മുറ്റത്തിൻെറ ഒരു ഭാഗത്ത് ഒരു ചെമ്പിൽ വെള്ളം വെച്ചിട്ടുണ്ട് അതിൽ രണ്ട് കപ്പും , കൈ കഴുകി മുത്തശ്ശിയുടെ അടുത്ത് കുട്ടികൾ കൂടിയിരുന്നു. മുത്തശ്ശി കഥ പറഞ്ഞു കൊടുത്തു. വെയിൽ താഴ്ന്നപ്പോൾ അവർ ഒളിച്ചുകളിക്കാൻ തുടങ്ങി."ഒന്നേ രണ്ടേ മൂന്നേ നാലേ........ഞാനായിരുന്നു എണ്ണിയത് കുട്ടികൾ നാലുഭാഗവും പോയി ഒളിച്ചു . മച്ചിൻെറ മുകളിലും മരത്തിലും വേലിയുടെ മറവിലും ഓടി ഒളിച്ചു, ഒരോരുത്തരായി വന്ന് സാറ്റ് അടിക്കാൻ തുടങ്ങി. സന്ധ്യയായപ്പോൾ കൈയും കാലും കഴുകി നാമം ജപിക്കാൻ പോയിരുന്നു. നാമ ജപങ്ങൾ കാറ്റിൽ അലിയുന്നു.തൊടിയിൽ തേങ്ങ പെറുക്കാൻ പോകുമ്പോൾ ഓലയുടെ അറ്റത്ത് കുട്ടികൾ ഇരിക്കും എന്നിട്ട് ഞാനാണ് വലിക്കുക,എൻെറ ഊഴമാകുമ്പോൾ എല്ലാവരും ഓരോ ഒഴിവ് പറഞ്ഞ് പോകും.പാടത്തു മീൻ പിടിച്ചും പാട്ടുപാടിയും കൂട്ടുകൂടിയും എത്ര ഉത്സാഹത്തിലാണ് എല്ലാവരും.മാനത്തു കാണുന്നത് മഴവില്ലല്ലേ ഞാൻ അതിൻമേലാണോ ഇരിക്കുന്നത്...... ഇതാ തെന്നി.. തെന്നി.. താഴോട്ട്............

അച്ഛാ അച്ഛാ എഴുന്നേക്ക് സ്ഥലം എത്താറായി .അയാൾഉറക്കത്തിൽ നിന്ന് എഴുന്നേറ്റു എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ .അയാൾ പുറത്തേക്ക് നോക്കി ഇപ്പോൾ എല്ലാം കെട്ടിടങ്ങൾ കൊണ്ട് നിറഞ്ഞു. പാടത്ത് ഫ്ലാറ്റുകൾ നിരന്നു , പുഴകൾ മലിനമായി അങ്ങനെ ഒരോന്നായി എല്ലാം നശിക്കുന്നു. അയാൾക്ക് തൻെറ ഗ്രാമം കണ്ടിട്ട് മനസിലാക്കുന്നില്ല, എല്ലാം പുതിയ തലമുറയുടെ വികൃതികൾ....അയാളുടെ കണ്ണുകൾ ആ മഴവില്ല് തിരയുകയായിരുന്നു.....

**ഗായത്രി IX B**




LITTLE KITEs
LK/2018/25095
KITE MISTRESS

# WHEN ADVERSITY KNOWS

**This is a story explaining how adversity is met differently by different people. Asha's father place an egg,a potato and some tea leaves in 3 separate vessels with boiling water. He asked Asha to keep an eye on the vessels for 10 minutes . Once these 10 minutes were over , he asked Asha to peel the potato , peel the egg and strain the tea leaves . Asha was left puzzled .**

**Her father explained , 'each of these items was but in the same circumstance of being in a pot of boiling water .See how they've responded differently .The potato is now soft ,the eg is now hard and tea has changed the water itself. We are all like these items . when adversity calls we respond in exactly the way they have .Now are you a potato ,an egg or are you a tea leaves ? We can choose how to respond to a difficult situation.**

SAFIYA FEROSE IX B







SCHOOL STAFF



# വർണ്ണം












Govt VHSS
THRIKKAKARA



# PLANT MORE TREES

Roots ,barks,fruits and leaves
All these are part of trees
Trees aids us in many way
They give us in many way
They give us oxygen during the day
Their fruits are a healthy treat
Their branches provide shade from heat
to birds and insects ,they provide a home
so let's make sure more trees are grown

pavithra Ashok VIIIB



# CHILDRENS DAY








# മാസിക








**ഉപജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും ജില്ലാ തലത്തിൽ A ഗ്രേഡ് നേടി**





ഗാന്ധി
ക്വിസിൽ ജില്ലാ
തലത്തിലും
സംസ്ഥാന
തലത്തിലും
ഒന്നാം സ്ഥാം
നേടിയ
അനുഗ്രഹിനും
ഗായത്രിക്കും
അഭിനന്ദനങ്ങൾ





ഗാന്ധി ക്വിസ്സിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗായത്രിക്കും അനുഗ്രഹിനും ശോഭ സുരേന്ദ്രൻ എവറോൾ ട്രോഫി നൽകുന്നു





വടക്കൻ പറവൂർ ഗവ.ഗേൾസ് and ഗവ. ബോയ്സ് സ്ക്കൂൾ സംഘടിപ്പിച്ച ഒരുമ 2019 ന്റെ പരിപാടിയിൽ മാസ്റ്റർ അനുഗ്രഹ് വി കെ പങ്കെടുക്കന്നു

# പുഴ എന്ന വിപ്ലവക്കാരി

നേരം കെട്ടനേരത്തെത്തിയ
കാലവർഷ കാലത്ത്
പുഴ ഒരു വിപ്ലവകാരിയായി
അവൾ കരകവിഞ്ഞ് ഒഴുകി
തോടിലൂടെ പാടത്തിലൂടെ
കാൽനടക്കാർ ഉലാത്തുന്ന
റോട്ടിലൂടെ അവൾ ഒഴുകി
പെരിയാർ സർവ്യതാന്ധമാടി
പമ്പതാളം മറന്നു
ഭാരത പുഴ മരണ പുഴയായി
ആ മരണപ്പുഴയിലൂടെ മനുഷ്യന്റെ
ജീവനും സ്വത്തും സമ്പാദ്യവും ഒഴുകിപ്പോയി
തന്റെ വിരിമാറിലേക്ക് വലിച്ചെറിഞ്ഞവ
അവൾ ഒരു സ്നേഹസമ്മാനമായി തിരികെ നൽകി
മാറ്റം വരുത്തുന്നവനാരോ അവൻ
വിപ്ലവകാരി പുഴയേ മനുഷ്യന്റെ
ജീവിതത്തിനൊരു മാറ്റം വരുത്തിയ
നീ ഒരു വിപ്ലവകാരി
നിന്നിലൂടെ നാം ഒന്നായി
കരകവിഞ്ഞ പുഴയെ കരകവിഞ്ഞ
സ്നേഹത്താൽ നാം കീഴടക്കി
ഹിന്ദുവും ക്രിസ്ത്യാനും മുസൽമാനും ഒന്നായി
ജാതി ചേറി പുരണ്ടു പുലയനും
മലയനും തൊട്ടുതീണ്ടായ്മ
മറന്ന് കൈകോർത്തു
മനുഷ്യന്റെ മനസ്സിലെ ജാതി ചേറ്
മാറ്റിയ സാഹോദര്യം നൽകിയ
പുഴയേ നീയൊരു വിപ്ലവകാരി.......!



Navin P A



# JUNIOR REDCROSS





# THAEKWONDO

## NATIONAL SERVICE SCHEME



## ASAP




വിനോദ
യാത്ര
തേക്കടി പരുന്തുംപാറ

# വിദ്യാരംഗം സാഹിത്യവേദി

ജി വി എച്ച് എസ് എസ് തൃക്കാക്കര
വായന ദിനാഘോഷം
2018ജൂൺ 19



വായനദിന പ്രതിജ്ഞ



പോസ്റ്ററർ രചന മത്സരം,പ്രദർശനം എന്നിവ നടന്നു.







സാഹിത്യകാരിയുമായി കുട്ടികൾ അഭിമുഖം നടത്തി
മാഗസീൻ തയ്യാറാക്കി
മത്സര വിജയികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകി



# RESOURCE CLASS













# ഓടയിൽ നിന്ന്

സമൂഹത്തിൽ ഒരു കാലത്ത് നടമാടിയിരുന്ന സാമൂഹിക പ്രശ്നങ്ങൾക്കെതിരെ തൂലികപടവാളാക്കി മുന്നേറിയ വ്യക്തിയായിരുന്നു പി.കേശവദേവ് . അദ്ധേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ നോവലാണ് ഓടയിൽ നിന്ന് .പപ്പുവെന്ന കേന്ദ്രകഥാപാത്രം യാദൃശ്ചികമായി ലക്ഷ്മി എന്നൊരു പെൺകുട്ടിയെ കണ്ടതിനു ശേഷമുണ്ടായ സംഭവവികാസങ്ങളാണ് കഥയിൽ പറയുന്നത്.ആത്മാഭിമാനിയും അധ്വാനിയും സത്യസന്ധനുമായ അപ്പു,കേശവദേവിന്റെ പ്രതിരൂപം തന്നെ.

ചെറുപ്പത്തിൽ തന്നെ മേലാളരെ വെല്ലുവിളിച്ച് അപ്പവിന് പിന്നീട് നാടുവിടേണ്ടിവരുന്നു.എന്നാൽ ആരോഗ്യവാനായ അയാൾ പല ജോലികൾ പഠിക്കുകയും ചെയ്യുകയും ചെയ്യുന്നു.പിന്നീട് റിക്ഷാക്കാരനായ അയാൾ സ്വന്തമായി റിക്ഷ വാങ്ങുകയും ചെയ്തു .ഒരിക്കലും തന്റെ ഭാഗത്തുനിന്നും പിഴവുകൾ ഉണ്ടാക്കാത്ത അയാൾക്ക് പക്ഷെ ഒരിക്കൽ ഒരു പിഴവുപറ്റി .അങ്ങനെ അപകടത്തിൽ പെട്ട ലക്ഷ്മിയെ ഓടയിൽ നിന്ന് കോരിയെടുക്കുകയും അവൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങിനൽകുകയും ചെയ്യുന്നു .പിന്നീട് അവളുടെ വീട്ടിൽ താമസമാക്കിയ അയാൾ ലക്ഷിമിയുടെ വിധവയായ അമ്മ കല്യാണിക്കും ലക്ഷ്മിക്കും വേണ്ടതെല്ലാം വാങ്ങിനൽകുന്നു.ലക്ഷമിയുടെ പഠനത്തിനു വേണ്ടി രാപകലില്ലാതെ അയാൾ പണിയെടുക്കുന്നു .ലക്ഷ്മിക്ക് വയസ്സു കൂടും തോറും അയാളോടുള്ള സ്നേഹം കുറഞ്ഞുവരുന്നു .എന്നാൽ അതൊന്നും വകവെയ്ക്കാതെ അയാൾ പണിയെടുക്കുന്നു

തന്റെ വിദ്യാലയത്തിൽ വന്ന പപ്പുവിനെപറ്റി മറ്റു
വിദ്യാർത്ഥികളോട് വീട്ടിലെവേലക്കാരനാണെന്ന് നുണ
പറഞ്ഞു.അയാൾ അവശനായി മാറിയപ്പോഴും ലക്ഷ്മിയുടെയും
ആവശ്യങ്ങൾ
കൂടിവന്നു,സ്നേഹം കുറഞ്ഞു. എന്നാൽ ലക്ഷ്മിയുടെ സുഹൃത്തും
നാട്ടിൽ പ്രസിദ്ധനുമായ ഗോപിയാണ് ലക്ഷ്മിയോട്
അവളുടെ അമ്മാവൻ ചെയ്യുന്ന
ത്യാഗങ്ങളെപ്പറ്റി പറഞ്ഞത്.പഠനത്തിൽ മിടുക്കനായിരുന്ന
അയാളുമായി
ലക്ഷ്മിയുടെ കല്ല്യാണമുറപ്പിക്കുന്നു.തന്റെ തെറ്റുകൾക്കെല്ലാം
അവൾ മാപ്പ് ചോദിക്കുന്നു എന്നാൽ അവശനായ അയാൾ
ചുമച്ചു ചുമച്ച് മുന്നോട്ടു പോകുന്നതോടെ കഥ അവസാനിക്കുന്നു.
ആത്മാഭിമാനിയും,ധൈര്യശാലിയും
തന്റെ ജോലി തെറ്റുകൂടാതെ നിർവ്വഹിക്കുന്ന സ്നേഹനിധിയായ
കഥാപാത്രമാണ് പപ്പു .തന്റെ കൗമാരപ്രായത്തിലെത്തിയെപ്പോൾ
പപ്പുവിനെ ശ്രദ്ധിക്കാതെ ആയ കഥാപാത്രമാണ് ലക്ഷ്മി
അവളുടെ അമ്മയായ കല്ല്യാണി വിധവയാണ് തന്റെ മകളുടെ
തെറ്റുകൾ തിരുത്താൻ അവർ ശ്രമിക്കുന്നു.പപ്പുവിന്റെ
സൗഖ്യത്തിനുവേണ്ടി അവർ പ്രവർത്തിക്കുന്നു .ചെയ്തു
കൊടുത്ത സഹായങ്ങൾക്ക് സ്നേഹമോ നന്ദിയോ
പ്രകടിപ്പിക്കാത്ത ലക്ഷമിയെയും ഉള്ളിൽ ദുഃഖം അനുഭവിക്കുന്ന
പപ്പുവിനെയും കഥാകൃത്ത് കഥയിൽ പ്രതിഫലിപ്പിക്കുന്നു.
ആത്മാർഥമായ സ്നേഹം നൽകുന്നയാൾക്ക് ദ്രോഹം മാത്രം
തിരിച്ചുലഭിക്കുന്ന ഈ കാലത്ത് ഈ കഥയിലെ ആശയം
പ്രസക്തം തന്നെ.

അനുഗ്രഹ് വി കെ VIII



# വണ്ടർലയിലേക്ക് ഒരു വിനോദ യാത്ര










# THE CINEMA

The cinema is today one of the most popular forms of entertainment. There isn't even a town or city that is devoid of at least a movie theatre .In fact, cinema is a rapidly flourishing industry of the world. Production of a movie I a huge and often a very lucrative business. Films are predominantly shot indoor inside stupendously crafted studios .At the same time ,it is shot outdoor as well making the movie a much more realistic experience .A great deal of hard work perseverance and dedication is indispensible to make a good movie. Acting in cinemas is now a prominent profession and top “stars”are paid handsomely .On the other hand certain movies have great educational value and significance. Films can help people to impart and acquire knowledge quickly ,easily and clearly .

A historical picture will help a teacher to teach more efficiently in a effective manner. It also helps the student to grasp the cinemas provide both information and entertainment .There by movies became an unmixed source of infotainment but unfortunately a vast majority of films have no educational value at all.A great pander to passions of the lowest kind .Sex violence and crime are the key ingredlents which they are concocted the so called 'blue films' can be considered on absolute disgrace to the film, industry. Unfortunately these films became more popular it is high time that government around the world took effective measures in regulating them. The advent of modern technologies and futuristic devices has accelerated the growth of cinema industries a tunprecidented rates. The pivotal role of cinema in influencing the world never ever wither away..............



**ANUGRAH VK** VIII B

# ജൈവ പച്ചക്കറി കൃഷി



# ജൈവ പച്ചക്കറി കൃഷി











# മാധ്യമം വെളിച്ചം പദ്ധതി ഉദ്ഘാടനം



മാധ്യമം വെളിച്ചം പദ്ധതിയുടെ
ഉദ്ഘാനത്തോടനുബന്ധിച്ച്
വ്യാപാരി
വ്യവസായസംഘടനയുടെ
സംഘാടകർചേർന്ന് പത്രം
വിതരണം ചെയ്യുന്നു

മാധ്യമം പത്രത്തിന്റെ
എഡിറ്ററായ ശ്രീ
അഷ്റഫ് വെളിച്ചം
പദ്ധതിയെ കുറിച്ച്
സംസാരിക്കുന്നു





ശ്രീ അസൈനാർ
ആശംസകൾ
അറിയിച്ചു കൊണ്ടു
സംസാരിക്കുന്നു

# FIRE AND RESCUE CLASS

















HELLO ENGLISH

## സയൻസ് ക്ലബ്

**ഉദ്ഘാടനം ജൂൺ 11 -ാം തിയതി നടത്തപ്പെട്ടു.ബഹുമാനപ്പെട്ട എച്ച് എം സീനിയർ അസിസ്റ്റന്റ് ,സയൻസ് ക്ലബ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. രസകരമായ പരീക്ഷണങ്ങൾ, Day today science activitiesതുടങ്ങിയവ സംഘടിപ്പിച്ചു.തെരഞ്ഞെടുപ്പു നടന്നു.**

**സെക്രട്ടറി -ആൻസി സേവ്യർ**

**ഐ ടി സെക്രട്ടറി -സജീന**

**സയൻസ് ക്ലബ് പ്രസിഡന്റ്- രോഹിത് സുരാജ്**

***വാർഷിക കലണ്ടർ തയ്യാറാക്കി**

*** inspire award,young innovators program,health quiz തുടങ്ങിയവയിൽ പ്രാധിനിത്യം തെളിയിച്ചു.**

***ചാന്ദ്ര ദിന ക്വിസ് ,വീഡിയോ പ്രദർശനം ഇവ നടത്തപ്പെട്ട**

***സയൻസ് സെമിനാർ നടത്തി**

***പ്രളയ പശ്ചാത്തലത്തിൽ ഡാം ഘടന കളക്ഷൻ നടത്തപ്പെട്ടു**

***ജനുവരി 7meet the scholar cusat-ൽ വെച്ച് nano technoloy camp-ൽ പങ്കെടുത്തു**

***ജനുവരി 11 ന് ജി എച്ച് എസ് എസ് ആലുവയിൽ ഊർജോത്സവത്തോട് അനുബന്ധിച്ചു നടന്ന പരിപാടിയിൽ ഗായത്രിയും രോഹിത്തുംക്വിസിനd അമീൻ എസ്സ് എ യ്ക്കും പങ്കെടുത്തു**

# WHY STRUGGLE JUST RIDDLE


Devu V R

Q1:What's full of holes but still holds water
A: A sponge.
Q2: If an electric train is going east at 60 miles an hour and there is a strong westerly wind,which way does the smoke coming from the train drift?
A:There is no smoke coming from electric trains.
Q3:Say racecar backwards?
A:It's racecar it self.
Q4:What do the number 11,69 and 88 all have in come?
A:They read the same up side down.
Q5:How can you throw a ball as hard as you can to only have it come back to you,even if it doesn't bounce off anything?
A:Throw the ball straight up in the air.

# അപ്പു

അനാമിക സുഷാന്ത് VII



അപ്പുവിന് അച്ഛനെയും അമ്മയെയും ഒരുപാട് ഇഷ്ടമാണ്. അവർക്ക് തിരിച്ച് അപ്പുവിനോടും. അപ്പു ഇപ്പോൾ മൂന്നാംക്ലാസ്സിൽ പഠിക്കുകയാണ് . സ്കൂളിൽ എന്ത് കാര്യത്തിനും അവൻ ഉണ്ടാകും. ടീച്ചർമാർക്കും കൂട്ടുകാർക്കും അപ്പുവിനെ ഒത്തിരി
ഇഷ്ടമാണ് . അവൻ പഠിക്കാനും നല്ല മിടുക്കനാണ് ക്ലാസ്സിൽ ഒന്നാമനാണ്.

അപ്പുവിന്റെ അമ്മ സുഖമില്ലാതെ ഇരിക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അവന്റെ അമ്മ മരിച്ചു. അപ്പുവിന്റെ പഠിത്തം മുടങ്ങി. ഒരു വർഷം കഴിഞ്ഞ് അപ്പുവിനോട് അവന്റെ അച്ചൻ പറഞ്ഞു.നമുക്ക് പുതിയ ഒരു അമ്മയെ കൊണ്ടുവന്നാലോ അപ്പോൾ അപ്പുവിന് പഠിക്കാൻ പോകാം, അത് കൂടാതെ തുണി കഴുകാനും,ഭക്ഷണം ഉണ്ടാക്കി തരാനും ഒരാളാകും .അച്ഛൻ രാത്രി ഹോട്ടലിൽ നിന്ന് വരുമ്പോൾ ഒരുപാട് വൈകും അപ്പോൾ മോന്റെ കാര്യം നോക്കാൻ പറ്റില്ല അതുകൊണ്ട് നമുക്ക് ഒരു ചെറിയമ്മയെ കൊണ്ടുവരണം.ഒരു ദിവസം കൊട്ടും ആർഭാടങ്ങളും ഒന്നുമില്ലാതെ
അച്ഛനും ചെറിയമ്മയും വീട്ടിൽ കയറി വന്നു.വീട്ടിൽ ചെറിയൊരു സദ്യ .ജാനുവല്യമ്മയുടെ വകയായിരുന്നു അത്.എല്ലാവരും ചെറിയമ്മയെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞു.ജാനുവല്യമ്മ മാത്രം,
അപ്പുവിന്റെ വിധി കാണാൻ പോവുന്നതെയുള്ളു എന്നു പറഞ്ഞു.

ചെറിയമ്മ ആദ്യമൊക്കെ
പാവമായിരുന്നു പിന്നെ പിന്നെ അപ്പുവിനെ വെറുക്കാൻ തുടങ്ങി .
അവനെ
ഒറ്റക്ക് ചായ്പ്പ്പിനടുത്തുള്ള ഇരുട്ട് മുറിയിൽ കിടത്തും.അവന് കഴിക്കാൻ
കഞ്ഞി കൊടുക്കും, ചെറിയമ്മയും അച്ഛനും ചോറ്
കഴിക്കും.അങ്ങനെ മൂന്ന്
കൊല്ലം കഴിഞ്ഞു. ചെറിയമ്മയ്ക്കും രണ്ടു കുട്ടികൾ ജനിച്ചു .വിനുവും
അനുവും.അവർക്ക്
അപ്പു എട്ടനെ വളരെ ഇഷ്ടമാണ്.അപ്പുവിന് തിരിച്ചു.കുട്ടികൾ
വന്നതോടെ അപ്പുവിനോടുള്ള സ്നേഹം കുറഞ്ഞു .സഹിക്കാൻ
വയ്യാതെ ഒരു ദിവസം രാത്രി അപ്പു അവിടെ നിന്നും പോകാൻ
തീരുമാനിച്ചു.അവൻ അന്നു തന്നെ ആ വീട്ടിൽ നിന്നും ഇറങ്ങി.എവിടേക്ക്
എന്നില്ലാതെ നടന്നു. നടന്നു നടന്നു
അപ്പു ബസ് സ്റ്റാൻഡിൽ എത്തി . ഒരു ബസ് വന്നപ്പോൾ ആ ബസിൽ
കയറി അവൻ ഏതോ പട്ടണത്തിൽ ഇറങ്ങി .രാവിലെ ആണ് അവൻ
അവിടെ എത്തിയത് . ഒരു കടയുടെ വരാന്തയിൽ തല കറങ്ങി
വീണു .കണ്ണ് തുറക്കുമ്പോൾ ആശുപത്രിയിലാണ് .അവിടെ കുറേ
ആളുകൾ ഉണ്ടായിരുന്നു. ഇവനെ ഇനി എന്തു ചെയ്യും .ആളുകൾ
അന്യോന്യം സംസാരിച്ചു.അതിൽ ജയദേവൻ എന്നയൊരു മാന്യൻ
ഉണ്ടായിരുന്നു.അയാൾ അപ്പുവിനെ വീട്ടിലേക്ക് കൊണ്ടു
പോയി.അയാളുടെ വീട്ടിൽ ഭാര്യയും മകനും ഉണ്ടായിരുന്നു.അപ്പുവിന്റെ
കാര്യങ്ങൾ അറിഞ്ഞപ്പോൾ അവർ അപ്പുവിനെ സ്വന്തം മോനായി
സ്നേഹിച്ചു. അപ്പുവിന് പഠിക്കാൻ വളരെ ഇഷ്ടമാണെന്നു
അറിഞ്ഞപ്പോൾ അവനെ പഠിക്കാൻ അയച്ചു .ഹെഡ്മാസ്റ്ററുടെ
സഹായത്തോടെ അവർ
അപ്പുവിന്റെ പേര് മാറ്റി ഉണ്ണികൃഷ്ണൻ എന്നാക്കി.അങ്ങനെ സ്വന്തം
അച്ഛനിൽ നിന്നും ചെറിയമ്മയിൽ നിന്നും കിട്ടാത്ത സ്നേഹം അപ്പുവിന്
വളർത്തമ്മയിൽ നിന്നും വളർത്തച്ഛനിൽ നിന്നും ലഭിച്ചു.ഒരു നല്ല
സഹോദരന്റെയും.സ്നേഹം മാത്രമല്ല അപ്പുവിന് അവരിൽ നിന്നും
സുരക്ഷിതത്തവും സംരക്ഷണവും കിട്ടി


കൂടിയാട്ടം
SPIC MACAY
SAMSKRITI-20
District Administration
Education Department, Erna
Cochin Shipyard
presents a series of Lec-Dems
KOODIYATTAM
-oldest theatre in the world

# നന്ദി